# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ
## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
### തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി: 03.10.2019

**കോട്ടൂരിൽ ആനയൂട്ട് ഇന്ന് (ഒക്ടോബർ 4):**
**പ്രവേശനം സൗജന്യം**

ഇക്കൊല്ലത്തെ വന്യജീവി വാരാഘോഷത്തോടനുബന്ധിച്ചുള്ള ഗജദിനാഘോഷത്തിന്റെ ഭാഗമായി കോട്ടൂർ കാപ്പുകാട് ആന പുനരധിവാസ കേന്ദ്രത്തിൽ ഇന്ന് (ഒക്ടോബർ-4) വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിക്കുന്നു.

രാവിലെ 9.30 ന് കേന്ദ്രത്തിലെ 16 ആനകൾക്കും പ്രത്യേക ആനയൂട്ട് ഉണ്ടായിരിക്കും. ഇന്ന് ആനപുനരധിവാസ കേന്ദ്രത്തിൽ പ്രവേശനം സൗജന്യമായിരിക്കും. തിരുവനന്തപുരം ഗവ. അന്ധവിദ്യാലയത്തിലെ മുപ്പതോളം വിദ്യാർത്ഥികൾ ആനയെ അടുത്തറിയുന്നതിനുള്ള പ്രത്യേക അതിഥികളായി ഗജദിന പരിപാടികളിൽ പങ്കെടുക്കും. ആനകൾക്ക് നൽകുവാനായി ഡോക്ടർമാർ നിർദ്ദേശിച്ചിട്ടുള്ള പഴവർഗ്ഗങ്ങൾ പൊതുജനങ്ങൾക്ക് സ്പോൺസർ ചെയ്യുവാനുള്ള അവസരവും ഇവിടെ ഒരുക്കിയിട്ടുണ്ട്. ദിനാഘോഷത്തിന്റെ ഭാഗമായി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് രാവിലെ 11 മണിമുതൽ ആനയെ അധികരിച്ചുള്ള പ്രത്യേക ക്വിസ് മത്സരവും സംഘടിപ്പിച്ചിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് 0472-2850827 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാം.

ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ